Santhigiri

ഗുരുവാണി

" ഒരു ജാതിക്കോ ഒരു മതത്തിനോ ഒരു മനുഷ്യനോ വേണ്ടി മാത്രമുള്ളതല്ല യുഗധർമ്മം. ലോകത്തിനു മൊത്തം വേണ്ടിയാണ്."

# ഉമ്മിണിതങ്കം

VOL 04 | ISSUE 49 | 2018 നവംബർ 25 | 1194 വൃശ്ചികം 09

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# സമ്പൂർണ്ണ ബീമാ ഗ്രാമമായി പൂലന്തറ വാർഡിനെ തപാൽ വകുപ്പ് പ്രഖ്യാപിച്ചു



തപാൽ മേള സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

**ഹെൽത്ത്കെയർ സോൺ:** മാണിക്കൽ ഗ്രാമപഞ്ചായത്തിലെ പൂലന്തറ വാർഡിനെ സമ്പൂർണ്ണ ബീമാ ഗ്രാമമായി തപാൽ വകുപ്പ് പ്രഖ്യാപിച്ചു. നവംബർ 22ന് വൈകുന്നേരം ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ നടന്ന തപാൽ മേള ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്തു. പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാർ വീടുവീടാന്തരം കയറിയിറങ്ങി ഗ്രാമീണരുടെ ജീവിത സുരക്ഷയ്ക്കായി ഏറ്റവും ലളിതമായ ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് പറഞ്ഞ് ബോധ്യപ്പെടുത്തുന്നത് തികച്ചും ഒരു ജനസേവനം കൂടിയാണ്. സർക്കാർജോലി ജനനന്മക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. പഞ്ചായത്തിലെ ഒരു വാർഡിൽ മാത്രമായി ഈ ഉദ്യമം പരിമിതപ്പെടുത്തരുത്. തപാൽ വകുപ്പിന്റെ വിവിധ പദ്ധതികൾ പഞ്ചായത്തിലാകെ വ്യാപിപ്പിക്കണമെന്ന് സ്വാമി പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ മികച്ച സാമ്പത്തിക ഭദ്രതയും ജീവിത സുരക്ഷയും ഉറപ്പുവരുത്തുന്ന ഗ്രാമീണ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ്ണ ബീമ ഗ്രാമ പ്രഖ്യാപനം പോസ്റ്റൽ സർവീസ് ഡയറക്ടർ സയ്യിദ് റഷീദ് നിർവഹിച്ചു. മാണിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത അദ്ധ്യക്ഷയായിരുന്നു. സീനിയർ സൂപ്രണ്ട് എൽ.മോഹനൻ ആചാരി പോളിസി വിതരണം ചെയ്തു.

ബ്ലോക്ക് പഞ്ചായത്തംഗം കലാകുമാരി, പഞ്ചായത്തംഗങ്ങൾ, ശാന്തിഗിരി പബ്ലിക്ക് റിലേഷൻസ് അസി.ജനറൽ മാനേജർ എം.പി.പ്രമോദ് എന്നിവർ സംബന്ധിച്ചു. തപാൽ വകുപ്പ് ഡെപ്യൂട്ടി സൂപ്രണ്ട് ബി.പത്മകുമാർ സ്വാഗതവും അസി.സൂപ്രണ്ട് ജി.ഗോപകുമാർ കൃതജ്ഞതയും പറഞ്ഞു.

# ആകർഷകമായ പായ്ക്കിംഗിൽ ഹൃദയരഞ്ജിനി വിപണിയിൽ

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല പുറത്തിറക്കുന്ന ഹൃദയരഞ്ജിനി ലേപം പുതിയ പായ്ക്കിംഗിൽ വിപണിയിലെത്തി. ഗുരുകല്പനപ്രകാരം പ്രത്യേക ഔഷധക്കൂട്ടുകൾ ചേർത്ത് തയ്യാറാക്കുന്ന ഹൃദയരഞ്ജിനി ലേപം വളരെ വിപുലമായ രീതിയിൽ ജനങ്ങൾക്കിടയിലേക്ക് എത്തിക്കണമെന്ന് ഗുരു അറിയിച്ചിരുന്നു. ആ ലക്ഷ്യം മുൻനിർത്തിയാണ് ഇപ്പോൾ അന്തർദേശീയ നിലവാരമുള്ള പായ്ക്കിൽ ഹൃദയരഞ്ജിനി പുറത്തിറക്കിയത്. പുതിയ പായ്ക്ക് നവംബർ 12ന് ഗുരുവിന് സമർപ്പിച്ചു.




രാസവസ്തുക്കൾ ഒഴിവാക്കി പ്രകൃതിദത്തമായ ചേരുവകൾ ഉപയോഗിച്ചാണ് ഹൃദയരഞ്ജിനി തയ്യാറാക്കുന്നത്. സാധാരണ ഓയിൻമെന്റുകളിൽ അടിസ്ഥാനമായി ഉപയോഗിക്കുന്ന പെട്രോളിയം ജെല്ലി പോലുള്ള വസ്തുക്കൾ ഒഴിവാക്കി ശുദ്ധമായ തേൻ മെഴുകും വെളിച്ചെണ്ണയുമാണ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. അമൂല്യമായ 23 മൂലികകളുടെ ശാസ്ത്രീയ ചേരുവയാണ് ഈ ഔഷധം. പേശിവേദന, പേശിമുറുക്കം, നടുവിനുണ്ടാകുന്ന നീർക്കെട്ട്, സന്ധിവേദന, ചതവ്, വീക്കം എന്നിവയ്ക്ക് ഹൃദയരഞ്ജിനി പുറമേ പുരട്ടിയാൽ പെട്ടെന്ന് ആശ്വാസം ലഭിക്കും. ഒടിവ്, ചതവ്, ഉളുക്ക് എന്നിവയ്ക്ക് ശാന്തിഗിരി മുറിവെണ്ണ ഓയിന്റ്മെന്റിനോടൊപ്പം ചേർത്ത് ഇത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ തലവേദന, കഫക്കെട്ട്, മൂക്കടപ്പ്, ജലദോഷം ഇവയ്ക്കും ഉത്തമ ഔഷധമാണ് ഹൃദയരഞ്ജിനി. പഴുതാര, കടന്നൽ തുടങ്ങി ക്ഷുദ്രജീവികൾ കടിച്ചാൽ പ്രതിവിധിയായും ഉപയോഗിക്കാവുന്ന ഈ ലേപം തുടർച്ചയായി ഉപയോഗിച്ചാലും പാർശ്വഫലങ്ങളോ സ്വാഭാവികചർമ്മത്തിൽ പാടുകളോ നിറവ്യത്യാസമോ ഒന്നുംതന്നെ ഉണ്ടാവുകയില്ല.

ഹൃദയരഞ്ജിനിയുടെ വിപണനത്തിനായി വിശാലമായ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് മാർക്കറ്റിംഗ് ഡിപ്പാർട്ടുമെന്റ് ആവിഷ്കരിച്ചുകഴിഞ്ഞു. ശാന്തിഗിരി ഉല്പന്ന വികസന കേന്ദ്രം വഴിയും ആശ്രമത്തിലെ സാംസ്കാരിക ഡിവിഷനുകൾ വഴിയും വലിയതോതിൽ വിപണനം നടത്താൻ ഉദ്ദേശിക്കുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴി ഹൃദയരഞ്ജിനിയുടെ പരസ്യങ്ങൾ നൽകിത്തുടങ്ങി. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലും വിതരണശൃംഖലകൾ രൂപവത്ക്കരിച്ചിട്ടുണ്ട്.

# വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആശ്രമം സന്ദർശിച്ചു

**സിപിരിചൽ സോൺ :** തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രമേശ് ചന്ദ്രൻ ആശ്രമം സന്ദർശിച്ചു. നവംബർ 23ന് ആശ്രമത്തിൽ എത്തിയ അദ്ദേഹം ആയുർവേദം, കറിപൗഡർ, സോപ്പ്, തേൻ തുടങ്ങിയ വിവിധ വ്യാവസായിക യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും യൂണിറ്റുകളുടെ ആധുനികവത്ക്കരണത്തിന് വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം സഹായം വാഗ്ദാനം ചെയ്തു. ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി നവകൃപ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി,ഡി പ്രദീപ് കുമാർ, ടി.കെ ഉണ്ണികൃഷ്ണപ്രസാദ്, എം.പി പ്രമോദ് എന്നിവരുമായി യൂണിറ്റുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി ഗ്രാന്റ് നൽകുന്നകാര്യങ്ങളുൾപ്പടെ ചർച്ച നടത്തി. വ്യവസായ കേന്ദ്രം ഇൻസ്പെക്ടർമാരായ സുനിൽ കുമാർ, പ്രേംലാൽ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.



വ്യവസായ കേന്ദ്രം ജനറൽ മാനേജർ രമേശ് ചന്ദ്രൻ ആശ്രമം അധികൃതരുമായി ചർച്ച നടത്തുന്നു

# ഗുരുവാണി

ഭക്തിയോടൊപ്പം ചില ദോഷവശങ്ങളും പൊങ്ങി വരാറുണ്ട്. എന്തൊക്കെയാണ് ആ ദോഷവശങ്ങൾ? അതിൽ എന്തൊക്കെ നമുക്ക് മാറ്റിയെടുക്കാം? എന്തൊക്കെ പൂർണ്ണമായും വർജ്ജിക്കേണ്ടതുണ്ട്?

മാനസികമായ അറിവ് ഉള്ളവരുടെയും ഇല്ലാത്തവരുടെയും അനുഭവങ്ങൾ ഭിന്നമായിരിക്കും. മാനസികമായ അറിവ് എന്നത് അനുഭവജ്ഞാനപരവും വേദാന്തപരവുമാകാം. മാനസികമായ അറിവുള്ളവർക്കായാലും ഇല്ലാത്തവർക്കായാലും ഭക്തിയോടൊപ്പം ആദ്യം പൊന്തുന്ന ദോഷവികാരം പഞ്ചേന്ദ്രിയപരമാണ്. പഞ്ചേന്ദ്രിയങ്ങൾ ശരീരത്തിന്റെ അഞ്ച് ഗുണവിശേഷങ്ങളെ പ്രതിനിധീകരിക്കുന്നതാണല്ലോ. ഈ ഗുണവിശേഷങ്ങൾ പെട്ടെന്ന് മനസ്സിലേക്കോടിയെത്തുകയാണ്. അപ്പോൾ ഈ ഗുണങ്ങൾ പ്രായോഗികമാകാതെ മനസ്സിനെ സൂക്ഷിക്കണം.

വാസനയുടെ അഭാവം കാരണം എത്ര തന്നെ ഉന്നതമായി ചിന്തിക്കാൻ കഴിഞ്ഞാലും അതിന്റെ കൂടെ വികാരവും ഉണ്ടാകും. സ്നേഹം കൊണ്ടാണത് എന്നു വേണമെങ്കിൽ പറയാം. പക്ഷെ ഭക്തി ഇല്ല. അതു നല്ലതല്ല. ഭക്തിയെ ഇതിൽനിന്ന് വേർതിരിച്ചെടുക്കണം. കലർപ്പില്ലാത്ത ഭക്തിവേണമെന്നു വച്ചാൽ ആ കലർപ്പ് അറ്റുപോകാൻ നിത്യമായും സ്ഥിരമായും വേല ചെയ്യണം.

അതിന് പല മതത്തിലും പല ന്യായങ്ങളുണ്ട്. ഇസ്ലാം മതത്തിൽ സ്ത്രീകളെ പള്ളിയിൽ പ്രവേശിപ്പിക്കുകയില്ല. എന്നാൽ അവരെ അവിടെ അടക്കം ചെയ്യാം. ജ്ഞാനികളായ സ്ത്രീകൾ അടങ്ങിയിരിക്കുന്ന പള്ളികളുണ്ടല്ലോ. ഉദാഹരണമായി തക്കല പള്ളിയും ബീമാ പള്ളിയും. ഇതെന്താണിങ്ങനെ? അതാത് മതത്തിൽ അടങ്ങിയിരിക്കുന്ന മാനസികമായ അറിവാണ്. ഈ അറിവ് (വേദാന്തം) ക്രിസ്തുമതത്തിനില്ല.

ഭക്തിയുടെ ആദിമഘട്ടത്തിൽ മനസ്സിലേക്കോടിയെത്തുന്ന പഞ്ചേന്ദ്രിയങ്ങളെ എങ്ങനെ അടക്കാം എന്നതാണല്ലോ നമ്മുടെ വിഷയം. ഏതെങ്കിലുമൊരു വികാരം മാറാതെ പിടികൂടിയിരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ഭക്തിചിന്തയെ അതു പൂർണ്ണമായും മറച്ചിരിക്കും. എന്നാൽ ഇടയ്ക്കു ചില സമയങ്ങളിൽ ഭക്തിചിന്ത വീണ്ടുകിട്ടും. അങ്ങനെ കിട്ടുന്ന സമയം കൂട്ടിയെടുക്കാൻ ശ്രമിക്കണം. ശ്രമിച്ചാൽ ഈ സമയം ഒരു ദിവസം വരെ നിലനിർത്താൻ കഴിയും. ഇങ്ങനെ സൂക്ഷിച്ചാൽ ആറു മാസം കൊണ്ട് അതു നേടിയെടുക്കാം.

ഇതിന് ഒരു അർപ്പണം എവിടെയെങ്കിലും വേണം. എവിടെയെങ്കിലും എന്നുവച്ച് പിശാചിൽ മതി എന്നർത്ഥമില്ല. ഹൃദയശുദ്ധിയോടെ ഇഷ്ടപ്പെട്ട ഒരു രൂപത്തിൽ അർപ്പിക്കണം. ഈശ്വരനായിരിക്കുന്ന ഗുരുവിങ്കലായാൽ ഏറെ ഉത്തമം. ഒരു പക്ഷിയെ കണ്ടാൽ വലിയ ഭംഗി. എന്നാൽ അതിന്റെ കൂടു പരിശോധിച്ചാലോ, നാറ്റം കൊണ്ട് ആറാട്ടായിരിക്കും. ഇതിനേക്കാൾ എത്രയോ നാറ്റം പിടിച്ചതാണ് മനുഷ്യൻ. ഇങ്ങനെ നാറ്റം പിടിച്ച, അഷ്ടരാഗങ്ങളുടെ ഇരിപ്പിടമായ ശരീരത്തോട് ആണിനും പെണ്ണിനും ആകർഷണം ഉണ്ടാകുന്നതെന്തുകൊണ്ടാണ്? സ്നേഹം കൊണ്ട്, അതിലുപരി അഴകുകൊണ്ട്. കണ്ണ് കാണുകയേയുള്ളൂ, മനസ്സാണ് അടുപ്പിക്കുന്നത്. ഈ ആകർഷണ നിദാനത്തെ മാറ്റിയെടുത്തില്ലെങ്കിൽ അത് നശിപ്പിക്കും. അതുകൊണ്ട് ഈ വാസനകൾ എപ്പോൾ മനസ്സിൽ ഓടിയെത്തിയാലും കർമ്മം കൊണ്ടും അർപ്പണം കൊണ്ടും മാറ്റണം.

പത്തായത്താലാണ് നെല്ല്. പത്തായത്തിനുള്ളിൽ കാഴ്ചപ്പാടിലെത്താതിരിക്കുന്ന നെല്ലിൽ എങ്ങനെ അർപ്പിക്കും? ആ സ്ഥാനത്ത് ഗുരുവിൽ അർപ്പിക്കണം. ആ സ്ഥാനം ദേവനു കല്പിക്കരുത്. ഏതു കർമ്മത്തിനും അർപ്പണത്തിനും സാക്ഷിയായിരിക്കാൻ ഗുരുവിനേ കഴിയൂ. ദേവന് അതാവില്ല. ഏതു ചീത്തയും ഗുരുവിങ്കൽ അർപ്പിക്കാം. ഗുരുവിങ്കൽ അർപ്പിക്കുമ്പോൾ അത് നശിക്കും. അർപ്പണം ചെയ്യുമ്പോൾ എങ്ങനെയാണത് നശിക്കുന്നത്? കർമ്മഗതി പ്രകാശത്തിൽ കാണാം. എന്നിട്ട് കർമ്മഗതിയുടെ സ്ഥാനത്ത് ഗുരുവിനെ കാണാം. ഗുരു ആ സ്ഥാനത്തു വരുന്നതോടുകൂടി ദോഷവശം തീ പിടിച്ച് നശിച്ചിട്ട് നന്മവരും. (ശിഷ്യന്റെ ദർശനം) ഗുരു എന്ന അവസ്ഥ ദൈവത്തിന് തുല്യമാണ്. ഗുരുവും ദൈവവും വേറെയില്ല. ഒരു ഇഷ്ടദേവൻ അല്ലെങ്കിൽ ഗുരു - ഇതാണ് ഈശ്വരനെ കാണാനുള്ള ഉപാധിയായി സ്വീകരിച്ചുപോരുന്നത്. ഇതു രണ്ടിനും വ്യത്യാസമുണ്ട്. ഇഷ്ടദേവൻ/ദേവി ഉപാസകനെ അതിന്റെ കീഴിൽ നിർത്തും. ഗുരു അങ്ങനെയല്ല. അനിർവചനീയമാണ്, ലഘുത്വമാണ് ഗുരുഭാവം. എന്തുകൊണ്ടെന്നാൽ പഞ്ചഭൂതങ്ങളിൽ ഗുരുവിന്റെ പ്രകാശം നിറഞ്ഞുനിൽക്കുന്നു. അതിന്റെ രൂപാന്തരമാണ് പഞ്ചേന്ദ്രിയങ്ങൾ. പഞ്ചഭൂതങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഗുരുപ്രകാശം പിന്നെ പഞ്ചേന്ദ്രിയങ്ങളിൽ ക്കൂടി അറിവാകുന്നു. ആ അറിവ് പിന്നെ അന്നമയ കോശത്തിലും പ്രാണമയ കോശത്തിലും വിജ്ഞാനമയ കോശത്തിലും ജ്ഞാനമയ (മനോമയ) കോശത്തിലും ആനന്ദമയ കോശത്തിലും പകരുന്നു.

## വചനദീപ്തി

*നിങ്ങളുടെ തെറ്റുകളെ നിങ്ങൾ തിരുത്തിയാൽ*
*മറ്റനേകം പേർ തെറ്റില്ലാത്തവരായിത്തീരും.*

-**സ്വാമി ജ്ഞാനാനന്ദ സരസ്വതി**-

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

01.12.2018 ജ്യോതിപുരം

## യാമപ്രാർത്ഥന

2018 നവംബർ 29, വ്യാഴം 03.00 pm - 06.00 pm

## പ്രകാശപഥം

# നീ സത്തയും സത്യവും ചിന്താതീത പ്രതീകവും

എന്റെ ഗുരുവിന്റെ ബാഹ്യരൂപത്തിൽ നിന്ന് ഞാൻ അനുഭവിച്ച സ്നേഹവാൽസല്യങ്ങൾ അതേപോലെതന്നെ സൂക്ഷ്മരൂപം കണ്ടും അനുഭവിച്ചും നിർവൃതിയാൽ വിതുമ്പുന്ന മനസ്സോടെ നിത്യേനയെന്നോണം ഞാൻ ഗുരുവിനോട് ചോദിക്കാറുണ്ട്: "ഗുരോ! നീ എത്രകണ്ട് കാരുണ്യവാനും ഗംഭീരനും ചൈതന്യാത്മസ്വരൂപനുമാണ്. നിന്റെ ആ അപ്രമേയ വിലാസങ്ങൾ എന്റെ സഹജീവികളായിരിക്കുന്ന വ്യക്തികളുടെ മുമ്പിലും പ്രകടിപ്പിച്ചുകൂടേ? അശരീരി, ജാഗ്രത്, പ്രത്യക്ഷസാക്ഷാത്കാരങ്ങളായി അവർക്കും അനുഭവപ്പെടുത്തിക്കൂടേ?'' എന്ന്.

അപ്പോൾ ഗുരു പറയും. "അവരുടെ ജീവിതത്തിൽ പുണ്യവും ഭാഗ്യവും പോലെ, നിന്നോട് അവർക്കുള്ള അവകാശത്തിന് അനുസരണമായി ആ അവകാശം അവർക്കും കിട്ടും".

ഗുരോ! അതെനിക്കറിയാം. ആ അറിവ് അങ്ങ് എനിക്ക് പകർന്നു തന്നിട്ടുണ്ടല്ലോ. എങ്കിലും നിന്റെ നവസ്ഥായീഭാവങ്ങൾ ഭാസുരകൃപാരസമായി എന്റെ ആത്മസഹോദരങ്ങൾക്കെല്ലാവർക്കും ഒരു പോലെ പങ്കിട്ട് നിർവൃതിയടയാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് എന്റെ ചേതസ്സ് താപം കൊണ്ട് നിശ്ചലമാകുന്നു.

തേനീച്ച വിശുദ്ധമായ മധു സംഭരിക്കുന്നു. വർണ്ണശബളവും സൗരഭ്യമിയലുന്നതുമായ പുഷ്പദലങ്ങൾക്കുള്ളിൽ കുശലതയോടെ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ആ മധു അത്യന്തം സൂക്ഷ്മതയോടെ കവർന്നെടുക്കാൻ തേനീച്ചയ്ക്ക് കഴിയുമെങ്കിൽ, എത്രയോ ഭംഗിയിൽ കോർത്തിണക്കിവെച്ചിരിക്കുന്ന - ഈശ്വരകൃപാരസമായ ആ കനിവിനെ കവർന്നെടുക്കാൻ നിശ്ചയമായും സാധിക്കും.

ബഹുകോടി ജീവിതശ്രേണികളുടെ സമുദ്രസദൃശമായ ആഴങ്ങളിൽ ഒരു നവാനന്ദപ്രവാഹമായി നീന്തിത്തുടിച്ച് പ്രകാശങ്ങളുടെ അവസ്ഥാന്തരങ്ങളുടെ ആഴങ്ങളിലും ഔന്നത്യങ്ങളിലും സുഷിരങ്ങളിലും വ്യാപ്തങ്ങളിലും ആഴ്ന്നിറങ്ങിയിരിക്കുന്ന ഗുരുവിന്റെ ചൈതന്യാമൃതം നുകരുന്നത് എത്ര അവാച്യമായ ആനന്ദാനുഭവമാണ്!

ഗുരുവിന്റെ ജന്മാന്തരത്യാഗസ്ഫുരണങ്ങൾ അമൃതദ്രവസംയുക്തമായി സ്വരൂപിച്ച് യുഗാന്തരങ്ങൾക്ക് മുമ്പും പിൻപും അവകാശപ്പെടുത്തി നിർത്തിയിരിക്കുകയായിരുന്നു. അത് അണുവിൽ ഏറ്റവും സൂക്ഷ്മരൂപത്തിൽ അഖണ്ഡത്തിൽ അത്രത്തോളം വികസിതരൂപത്തിൽ, അങ്ങനെ സകലഭൂതങ്ങളിലും അതാതിന്റെ തികവിൽ, അതാതിന്റെ മേന്മയിൽ, അതാതിന്റെ ഭാസുരതയിൽ സൂക്ഷിച്ചിരിക്കുന്നു. ധർമത്തിന്റെ സാന്ദ്രമായി ലയം പ്രാപിച്ചു നിൽക്കുന്ന ആ മഹിമ, സൃഷ്ടിയുടെ ആദിമസങ്കല്പരൂപം മുതൽ മുഗ്ദ്ധകാഹളം മുഴക്കിക്കൊണ്ട് കാലദേശങ്ങൾക്കതീതമായ പ്രകാശധാരയായി അവിരാമം പ്രവഹിക്കുന്നത് വർണിക്കാനാകാത്തവിധം ഞാൻ കാണുന്നു. ഗുരുവിന്റെ ജന്മാന്തരസഞ്ചിതമായ സുകൃതം ആ അമോഘരസങ്ങൾ സ്ഫുരിക്കുന്ന ഭാവങ്ങൾ നുകരും തോറും , "എനിക്കു മതിയാകുന്നില്ല, എനിക്കു മതിയാകുന്നില്ല'' എന്നു വീണ്ടും വീണ്ടും വിളിച്ചു പറയാൻ ഞാൻ ആഗ്രഹിച്ചു പോകുന്നു. ആ ഗംഭീരസങ്കല്പശക്തി നിർലോഭം പങ്കുവയ്ക്കുന്ന നിന്റെ ആ ത്യാഗധന്യത, ആ ധീരാനുകമ്പ എനിക്ക് നിത്യസ്മരണാഞ്ജലിയാണ്. അതിന്റെ സഫലതയിൽ അതിലായിത്തീരാനുള്ള ഭാഗ്യം വിധിവിഹിതമാണല്ലോ.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# യഥാർത്ഥ ആത്മീയത

കഴിഞ്ഞ കുറെ ആണ്ടുകളായി നമ്മൾ ജീവിക്കുന്ന സമൂഹം എന്തു മൂല്യമാണ് ഉൽപ്പാദിപ്പിക്കുന്നത് അല്ലെങ്കിൽ ഈ ലോകം എന്താണ് പഠിപ്പിക്കുന്നത്? മതങ്ങൾ തമ്മിൽ മത്സരം, സംഘടനകൾ തമ്മിൽ മത്സരം, ആശയങ്ങൾ തമ്മിൽ മത്സരം, മനുഷ്യർ ഓരോരുത്തരും തമ്മിൽ മത്സരം, മാധ്യമങ്ങൾ തമ്മിൽ മത്സരം, രാജ്യങ്ങൾ തമ്മിൽ മത്സരം. ഇങ്ങനെ എല്ലാവരും പരസ്പരം മത്സരിക്കുന്നു. എല്ലാവരും അവർ വിശ്വസിക്കുന്നതുമാത്രം ശരിയെന്നു ലോകത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനായി വാദിച്ചുകൊണ്ടിരിക്കുന്നു. വാദങ്ങൾ വിവാദങ്ങളായി അതുപിന്നെ പലശാഖകളായി പിരിയുന്നു. യുക്തിവാദവും മുക്തിവാദവും തുടങ്ങി തീവ്രവാദം വരെ ശക്തമാണ്. തങ്ങളുടെ വാദങ്ങളുടെയെല്ലാം മേൽക്കോയ്മ അംഗീകരിച്ചെടുപ്പിക്കുകയാണ് ഓരോരുത്തരുടെയും ലക്ഷ്യം. അതിനായി എന്തു മാർഗ്ഗവും സ്വീകരിക്കപ്പെടുന്നു. അധാർമ്മികത നടമാടുന്നു.

വിവിധ കാഴ്ചപ്പാടുകളുടെയും ആശയങ്ങളുടെയും ഇടയിൽ നഷ്ടപ്പെട്ടുപോകുന്ന ജീവിതങ്ങളുടെ കണക്കുകളിലേക്ക് നോക്കിയാൽ ചിത്രം ആശ്വാസജനകമാണമെന്നില്ല. വിശ്വാസങ്ങൾക്കൊപ്പം ബന്ധങ്ങളുടെ തകർച്ച കൂടിയാണിവിടെ സംജാതമായിരിക്കുന്നത്. ലഹളകളുടെ ഇടയിൽ അച്ഛനെയോ അമ്മയെയോ സഹോദരങ്ങളെയോ നഷ്ടമായവർ വിരളമല്ല. എത്രയോ കുടുംബങ്ങളാണ് അനാഥമായത്. വാൾത്തലകൾക്കും യന്ത്രത്തോക്കുകൾക്കും മുന്നിൽ കാരുണ്യത്തിനുവേണ്ടി യാചിക്കുന്ന എത്രയോ പേരുടെ ചിത്രങ്ങളാണ് നമ്മുടെ ഓർമ്മയിൽ മറയാതെ നിൽക്കുന്നത്. മറ്റൊരർത്ഥത്തിൽ ഈ കാഴ്ചകളൊക്കെ ഒരു നിമിഷത്തിനപ്പുറത്തേക്ക് നമ്മെ യഥാർത്ഥത്തിൽ അലട്ടുന്നുണ്ടോ? ഒരു ദുരന്തവാർത്തയ്ക്ക് ഒരു നിമിഷത്തെ ആയുസ്സേയുള്ളൂ. ചിലപ്പോൾ ഒരു ദിവസമോ അല്ലെങ്കിൽ ഒരാഴ്ചയോ നീണ്ടുനിന്നേക്കാം. അതിലും വലിയ മറ്റൊന്ന് സംഭവിക്കുമ്പോൾ അത് നിതാന്തവിസ്മൃതിയിലേക്ക് പോകുന്നു.

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന് സുഖത്തിനായി വരേണം"

എന്ന മഹത്വചനം നമുക്കിടയിൽ എത്ര കുട്ടികൾ കേട്ടിരിക്കാനിടയുണ്ട്?

അതിവേഗമാണ് കാലത്തിന്റെയും ലോകത്തിന്റെയും സഞ്ചാരം. ഇതിനിടയിൽ മനസ്സിനെപ്പറ്റി ചിന്തിക്കാൻ നേരമെവിടെ? ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ സമ്മാനിക്കുന്ന ഭൗതികസുഖങ്ങൾക്കിടയിലാണ് സമൂഹത്തിന്റെ ജീവിതം. ധനം, സുഖം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിനിടയിൽ ഇത്തരം ചിന്തകൾക്ക് സ്ഥാനമുണ്ടാകില്ല. പക്ഷെ മനുഷ്യൻ യഥാർത്ഥ സുഖത്തിലേക്കും സമാധാനത്തിലേക്കും എത്തുന്നുണ്ടോ?

ഭക്തിയുടെ വഴിയിൽ സ്വയം പ്രദർശനമല്ല ആന്തരിക ശുദ്ധീകരണമാണ് വേണ്ടത്. ഓരോരുത്തരും അവരുടെ ജീവിതം നേരെകൊണ്ടുപോകാൻ ഒരു ശ്രമം നടത്തി നോക്കുക. മറ്റുള്ളവരെ വിമർശിക്കുന്ന സ്വഭാവം നിർത്തി അവരുടെ വലിപ്പത്തെ അംഗീകരിക്കാനൊരു മനസ്സ് പ്രകടിപ്പിക്കുക. കലർപ്പില്ലാത്ത സ്നേഹത്തിന്റെ മാതൃകയാവുക. ജീവിതം കൊണ്ടുമാത്രം ദൈവത്തിന്റെ സ്നേഹം സമ്പാദിക്കുവാൻ നോക്കുക. ഈ പ്രയത്നം നമ്മെ മാത്രമല്ല ഈ സമൂഹത്തെയും രാജ്യത്തെയും നന്മയിലേക്കു നയിക്കുന്നതു കാണാനാവും. ഇപ്രകാരമുള്ള ജീവിതംതന്നെയാണ് യഥാർത്ഥ ആത്മീയതയും ആത്മീയപ്രവർത്തനവും.

# സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പിൽ ശാന്തിഗിരി വിദ്യാഭവൻ പങ്കെടുത്തു



ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പിൽ നിന്ന്

**കാട്ടായിക്കോണം:** ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് കണിയാപുരം ലോക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കാട്ടായിക്കോണം ഗവ.യു പി എസിൽ വെച്ച് സംഘടിപ്പിച്ച പട്രോൾ ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽനിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു. നവംബർ 16ന് ആരംഭിച്ച ത്രിദിന ക്യാമ്പിൽ പരിശീലകരായ ദീപ എ, അർച്ചന എസ് പിള്ള എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പങ്കെടുത്തത്. സമാപന ദിവസം പോത്തൻകോട് സി.ഐ ഷാജി റോഡ് നിയമങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് നൽകി.

# വുഷു ചാമ്പ്യൻഷിപ്പ് വിജയികൾ



വൈഷ്ണവ് എസ്.ഡി



വി അജീഷ് കുമാർ

സ്പോർട്സ് കൗൺസിൽ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിച്ച ജില്ലാതല വുഷു ചാമ്പ്യൻഷിപ്പിൽ വെള്ളിമെഡൽ നേടിയ വൈഷ്ണവ് എസ്.ഡി, വി അജീഷ് കുമാർ.

# പൗർണ്ണമി ആഘോഷം ഭക്തി സാന്ദ്രമായി

**സ്പിരിചൽ സോൺ:** വൃശ്ചികമാസത്തെ പൗർണമി നവംബർ 22 വ്യാഴാഴ്ച ഭക്തിപുരസ്സരം ആഘോഷിച്ചു. ഉച്ചയ്ക്ക് നടന്ന ഗുരുദർശനത്തിലും വൈകുന്നേരം നടന്ന ദീപപ്രദക്ഷിണത്തിലും നൂറുകണക്കിന് ആത്മബന്ധുക്കൾ പങ്കെടുത്തു. ദീപ പ്രദക്ഷിണത്തോടനുബന്ധിച്ച് വിവിധ വാദ്യഘോഷങ്ങളുമുണ്ടായിരുന്നു. സഹകരണമന്ദിരത്തിൽ തട്ടസമർപ്പണവും തുടർന്ന് വിശ്വസംസ്കൃതി കലാരംഗത്തിന്റെ പൗർണ്ണമി സംഗീതവും നടന്നു.




പൗർണമി സംഗീതവേദിയിൽ ബാബു റ്റി.ആർ, കീർത്തനൻ പി.എസ്



ബൈജു.റ്റി.റ്റി – ഗീത.എസ് ദമ്പതികൾ ജനസേവികപുരത്ത് നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം നവംബർ 21 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു



സതീശൻ വി – സുഹാസിനി ഡി ദമ്പതികൾ കാഞ്ഞാംപാറയിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം നവംബർ 23 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു



മധുരൈയിൽ നവംബർ 22ന് നടന്ന സത്സംഗത്തിൽ ഡോ.റ്റി.എസ് സോമനാഥൻ സംസാരിക്കുന്നു

## ഡിസൈൻ വർക്കുകൾ എൻ എൻ കമ്മ്യൂണിക്കേഷനിൽ

**ഹെൽത്ത്കെയർ സോൺ:** ആശ്രമത്തിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾ, ഡിവിഷനുകൾ, യൂണിറ്റുകൾ, ആശ്രമം ബ്രാഞ്ചുകൾ, ഏരിയ ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ ഡിസൈൻ വർക്കുകൾ ഇനിമുതൽ ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിലെ ഡിവിഷനായ എൻ എൻ കമ്മ്യൂണിക്കേഷനിൽ നിന്നും ചെയ്യുന്നതാണ്. നിലവിൽ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റിലാണ് ഡിസൈൻ വർക്കുകൾ നടന്നു കൊണ്ടിരുന്നത്.



ശാന്തിമഹിമ പ്രവർത്തകർ ആശ്രമം ഗോശാല പെയിന്റ് ചെയ്യുന്നു






# ദിവംഗതയായി

**ജനസേവികപുരം:** ഗുരുചന്ദ്രികയിൽ കൗസല്യ കെ (90) നവംബർ 18ന് ദിവംഗതയായി. സംസ്കാരം അഗ്രികൾച്ചർ സോണിൽ നടന്നു. ഭർത്താവ് ദിവംഗതനായ കെ.എസ്. പാപ്പു. മക്കൾ ലളിത കെ പി, അമ്മിണി കെ പി, സന്തോഷ് കെ പി (സീനിയർ മാനേജർ, വെഹിക്കിൾ സർവ്വീസസ്, ശാന്തിഗിരി ആശ്രമം), കുഞ്ഞുമണി കെ പി. മരുമക്കൾ ആനന്ദൻ, രജനി, ചന്ദ്രൻ.



കൗസല്യ കെ

# ഡെൻവർ കോൺഫറൻസിൽ എസ് ആർ എഫ് പ്രാതിനിധ്യം



ആനുവൽ കോൺഫറൻസിൽ ഡോ. കെ.ഗോപിനാഥൻ പിള്ള സംസാരിക്കുന്നു

**ഡെൻവർ:** അമേരിക്കയിലെ ഡെൻവറിൽ 'ധർമ്മ അക്കാദമി ഓഫ് നോർത്ത് അമേരിക്ക' സംഘടിപ്പിച്ച ആനുവൽ കോൺഫറൻസിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ പ്രതിനിധിയായി സീനിയർ ഫെലോ ഡോ. കെ.ഗോപിനാഥൻ പിള്ള പങ്കെടുത്തു. 'ധർമ്മവും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉയർത്തെഴുന്നേൽപ്പും- നവജ്യോതി ശ്രീകരുണാകര ഗുരുവിന്റെ ദർശനത്തിലൂടെ' എന്ന വിഷയമാണ് അദ്ദേഹം കോൺഫറൻസിൽ അവതരിപ്പിച്ചത്. അമേരിക്കൻ അക്കാദമി ഓഫ് റിലീജിയന്റെ ആനുവൽ കോൺഫറൻസിന്റെ ഭാഗമായാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. നവംബർ 16 മുതൽ 19 വരെ നടന്ന കോൺഫറൻസിൽ ലോകത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും ആത്മീയസ്ഥാപനങ്ങളിൽ നിന്നുമായി മുന്നൂറോളം പേർ സംബന്ധിച്ചു.

ധർമ്മം കാലത്തിനനുസരിച്ചുള്ള ബ്രഹ്മനിശ്ചയമാണെന്നും യുഗങ്ങൾക്കുമുമ്പ് ഒരു കാലാന്തരഗുരുവിന് ദർശനത്തിൽ വന്ന ഒരു തെറ്റുകാരണം ബ്രഹ്മശാപമുണ്ടാകുകയും അതോടെ ധർമ്മം തെറ്റുകയും ഈ തെറ്റ് വെളിപ്പെട്ടു കിട്ടാത്തതു കാരണം പിന്നീടുവന്ന മഹാത്മാക്കൾക്കും അവരുടെ ദർശനങ്ങൾക്കും മനുഷ്യസമൂഹത്തെ നന്മയിലേക്കും ശാശ്വത സമാധാനത്തിലേക്കും ഐശ്വര്യത്തിലേക്കും നയിക്കാൻ കഴിയാതെ വന്നു എന്ന സത്യം നവജ്യോതി ശ്രീകരുണാകരഗുരുവിലൂടെയാണ് വെളിപ്പെട്ടു കിട്ടിയതെന്ന് ഡോ. ഗോപിനാഥൻ പിള്ള സമ്മേളനത്തിൽ പറഞ്ഞു.

ഗുരുവിന്റെ ജന്മദൗത്യം തെറ്റിപ്പോയ ധർമ്മം പുനഃസ്ഥാപിച്ച് കാലത്തിനനുസരിച്ച് ധർമ്മം മനുഷ്യജീവിതത്തിൽക്കൂടി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗദർശനം നൽകുക എന്നുള്ളതായിരുന്നു. വളർന്നുവരുന്ന ശാന്തിഗിരി ഗുരുപരമ്പര ഗുരുവിന്റെ മാർഗ്ഗദർശനത്തിലൂടെ ധർമ്മാധിഷ്ഠിതമായ ജീവിതം നയിച്ച് എങ്ങനെ ഒരു പുത്തൻ മാനവികത രൂപപ്പെടും എന്നതിന്റെ ജീവിക്കുന്ന തെളിവാണെന്ന് അദ്ദേഹം പറഞ്ഞു. എല്ലാക്കാലത്തും ജ്ഞാനിയായ ഒരു ഗുരു ശാന്തിഗിരി പരമ്പരയിലൂടെ ലോകത്തെ മാർഗ്ഗദർശനം ചെയ്യാനുണ്ടാകുമെന്ന ഗുരുവിന്റെ വാക്ക് ഗുരുവിനു ശേഷം അഭിവന്ദ്യ ശിഷ്യപൂജിത അമൃത ജ്ഞാനതപസ്വിനിയിലൂടെ അന്വർത്ഥമായ സത്യം ശാന്തിഗിരിയെ ഇന്നോളം വന്ന പരമ്പരകളിൽ വ്യത്യസ്തമാക്കുന്നുവെന്നും ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസങ്ങൾക്കപ്പുറമായി ലോകജനതയെ ഒന്നിപ്പിക്കുന്ന ദർശനവും വഴിയുമാണ് ഗുരുവിന്റേതെന്നും സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽ ഡോ. ഗോപിനാഥൻ പിള്ള പറഞ്ഞു.



മുഹമ്മദ് ജസീം

## സ്വർണ്ണമെഡൽ നേടി

**എജ്യൂക്കേഷൻ സോൺ:** കേരള സ്പോർട്സ് കൗൺസിൽ കോഴിക്കോട് വച്ച് നവംബർ 16, 17 തീയതികളിൽ സംഘടിപ്പിച്ച സംസ്ഥാന വുഷു ചാമ്പ്യൻഷിപ്പിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ എട്ടാം ക്ലാസ്സ് വിദ്യാർഥി മുഹമ്മദ് ജസീം 2 സ്വർണ്ണമെഡലുകൾ നേടി. ഡിസംബർ മൂന്നിന് തമിഴ്നാട് വച്ച് നടക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനും ജസീം യോഗ്യത നേടി.

# ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ പുതിയ ബാച്ച് ആരംഭിച്ചു



ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പുതിയബാച്ച് പ്രവേശനോത്ഘാടന ചടങ്ങിൽ നിന്ന്

**ഹെൽത്ത് കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ 17-ാം ബാച്ച് ബി.എസ്.എം.എസ് വിദ്യാർത്ഥികളുടെ ക്ലാസ്സ് ആരംഭിച്ചു. നവംബർ 21 ന് രാവിലെ കോളേജ് ആഡിറ്റോറിയത്തിൽ പുതിയ ബാച്ച് ആരംഭിക്കുന്നതിനോടനുബന്ധിച്ച് നടന്ന സമ്മേളനം ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു.

കോളേജ് പ്രിൻസിപ്പൽ ഡോ. എ വാസുകീദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഡീൻ (സിദ്ധ) ഡോ. വി അരുണാചലം മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രിൻസിപ്പൽ (അക്കാദമിക്) ഡോ. കെ ജഗന്നാഥൻ അധ്യാപകരെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. സിദ്ധ പഠനശാഖയെക്കുറിച്ച് വൈസ് പ്രിൻസിപ്പൽ (ക്ലിനിക്) ഡോ. പി ഹരിഹരൻ വിവരിച്ചു.എസ്.എച്ച്.ആർ.ഒ എ.ജി.എം എസ് വിജയൻ, ഡോ. വി.എ മേഖല, ഡോ. ജെ. നിനപ്രിയ, ഡോ. കെ നമശിവായം, ബിനോദ് കെ, മഹേഷ് എം, ഷിബു വി, വി വിജയൻ നായർ എന്നിവർ സംസാരിച്ചു. എൻ ഷീജ സ്വാഗതവും ഡോ എ ഷാനവാസ് കൃജ്ഞതയും രേഖപ്പെടുത്തി.



ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾ സംസ്ഥാന വനിതാകമ്മീഷൻ ചെയർപേഴ്സൺ എം.സി ജോസഫൈനെ സന്ദർശിച്ചപ്പോൾ




ബംഗലൂരുവിൽ നവംബർ 18ന് നടന്ന സത്സംഗത്തിൽ സ്വാമി നവനന്മ ജ്ഞാനതപസ്വി സംസാരിക്കുന്നു










Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala